# ജി.എച്ച് .എസ്.എസ്.
# എഴുമറ്റൂർ

# കലിക

**മൈ മാഗസിൻ**




**അനേകായിരങ്ങൾക്ക് അറിവിന്റെ പൊൻപ്രഭ തൂകുന്ന**

**സരസ്വതീക്ഷേത്രം**

# കലിക

ആശംസകൾ....................................................................................................4
ഹെഡ് മാസ്റ്റർ....................................................................................................4
ഷിബുപ്രേംലാൽ....................................................................................................4
വിദ്യാലയ പ്രവർത്തനങ്ങൾ....................................................................................................5
കൗതുകമോടാലപിച്ചാലും....................................................................................................8
അഭിജിത്ത് .ആർ....................................................................................................8
മഴ....................................................................................................10
മെറിൻ....................................................................................................10
മീനാക്ഷി....................................................................................................11
ധന്യ....................................................................................................11
മഴ....................................................................................................12
ധന്യ ലക്ഷ്മി വി.വി....................................................................................................12
പുഴയുടെതേങ്ങൽ....................................................................................................13
അഫ്സൽ....................................................................................................13
കരടിയുടെ ദേഷ്യം....................................................................................................14
ശ്രീജിത്ത്....................................................................................................14
പട്ടവും പരുന്തും....................................................................................................15
സുജിത്ത്....................................................................................................15
പൂച്ചയും എലിയും....................................................................................................16
ശരൺ....................................................................................................17
എന്റെ നാട്....................................................................................................17
ശരത്ത്....................................................................................................17
നല്ലവനായ കിട്ടു ആന....................................................................................................18
മെറിൻ....................................................................................................19
പഴഞ്ചൊല്ലുകൾ....................................................................................................20
നന്ദി....................................................................................................22

# ആശംസകൾ



2019-2020 അധ്യയന വർഷത്തെ സ്കൂൾ ഡിജിറ്റൽ മാഗസിൻ ഒരുക്കങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. കുട്ടികളുടേയും ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വം വഹിക്കുന്ന സുനിത ടീച്ചറിന്റേയും കൂട്ടായ പ്രയത്നമാണ് ഇത്തരത്തിൽ കലിക എന്ന പേരിൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ചത്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും എല്ലാവിധ ആശംസകളും ഹൃദ്യമായി നേരുന്നു.

**ഹെഡ് മാസ്റ്റർ**

**ഷിബുപ്രേംലാൽ**


# വിദ്യാലയ പ്രവർത്തനങ്ങൾ

















J.R.C









## കൗതുകമോടാലപിച്ചാലും

മനസ്സിൽ
ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ
ഇരുണ്ടതായി
തോന്നുന്നു.
മനസ്സിൽ
വെളിച്ചമാണെങ്കിൽ
എല്ലായിടത്തും
വെളിച്ചമുള്ളതായി
തോന്നുന്നു.

**അഭിജിത്ത് .ആർ**

## മഴ

മഴ പെയ്യുന്നു മഴ പെയ്യുന്നു
ചറ പറ ചറ പറ മഴ പെയ്യുന്നു
ഇടി വെട്ടുന്നു ഇടി വെട്ടുന്നു
ഡും ടക്ക് ഡും ടക്ക് ഇടി വെട്ടുന്നു
കാറ്റ് വീശുന്നു കാറ്റ് വീശുന്നു
ശക്തിയുള്ള കാറ്റ് വീശുന്നു
മഴ പെയ്യുന്നു മഴ പെയ്യുന്നു
തുള്ളിത്തുള്ളി മഴ പെയ്യുന്നു

**മെറിൻ**

# മീനാക്ഷി

ഒരുപെൺകുട്ടിയുടെയും അവളുടെ അച്ഛന്റെയും കഥയാണിത്.അവളുടെ പേരാണ് മീനാക്ഷി.

മീനാക്ഷിയുടെ ചെറുപ്പത്തിൽ തന്നെ അവളുടെ അമ്മ മരിച്ചു പോയതാണ് അമ്മയില്ലാത്ത കുറവുകൾ അറിയിക്കാതെ ആണ് മീനാക്ഷിയെ അവളുടെ അച്ഛൻ വളർത്തിയത്.പറയാനായി അങ്ങനെ വലിയ ബന്ധുക്കളാരും ഇല്ലായിരുന്നു. അടുത്തുള്ളവർ വലിയ പണവും,പത്രാസും ഉള്ളവരും ആയതിനാൽ അവരോട് കൂട്ടും ഇല്ലായിരുന്നു.ആരും ഇല്ലെങ്കിലും തന്റെ മകളെ നല്ല രീതിയിൽ പഠിപ്പിച്ച് വലിയ ജോലി വാങ്ങിക്കുമെന്ന് അദ്ദേഹം പറഞ്ഞു.അച്ഛന്റെ ആഗ്രഹം നടത്തിക്കൊടുക്കാൻ മീനാക്ഷി ഒരുപാട് പരിശ്രമിക്കാൻ തുടങ്ങി.അവളുടെ അച്ഛൻ കൂലിപ്പണി എടുത്ത് അവളെ പഠിപ്പിക്കാൻ ഉള്ള പണം ഉണ്ടാക്കി.കുറച്ച് പണം സൂക്ഷിച്ച് വയ്ക്കുകയും ബാക്കി പണം സ്കൂളിൽ അടയ്ക്കുകയും വീട്ടിൽ സാധനങ്ങൾ വാങ്ങിക്കുകയും ചെയ്തു.സ്കൂളിൽ ചെല്ലുമ്പോൾ അച്ഛനോട് അധ്യാപകർ മീനാക്ഷിയെക്കുറിച്ച് പറയും.ക്ലാസ്സിൽ ഫസ്റ്റ് ആണെന്നും നല്ല രീതിയിൽ പഠിക്കുമെന്നും എല്ലാ വിഷയത്തിനും നല്ല മാർക്ക് ആണെന്നും പഠിച്ച് നല്ലനിലയിൽ എത്തുമെന്നും പറയുന്നതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു.അന്നത്തേ ദിവസം അവൾക്ക് ഹോട്ടലിൽ നിന്ന് നല്ല രുചിയുള്ള ആഹാരം മേടിച്ച് കൊടുത്തു.ഇതെല്ലാം കണ്ട് മുകളിൽ ഇരുന്ന് അമ്മ സന്തോഷിക്കുന്നുണ്ടായിരിക്കുമെന്ന് അവൾ അച്ഛനോട് പറഞ്ഞു.അതു കേട്ട ഉടനെ അച്ഛന്റെ കണ്ണുകൾ നിറഞ്ഞു. അച്ഛനോട് അവൾ പറഞ്ഞു ഈ കണ്ണുകൾ ഒരിക്കലും നിറയാൻ പാടില്ല. കുറച്ച് നാളുകൾക്ക് ശേഷം അവളുടെ അച്ഛന്റെ ആഗ്രഹം പോലെ അവൾ പഠിച്ച് വലിയ ഒരു കമ്പനിയുടെ ഓണറെ കല്യാണം കഴിച്ച് അവിടുത്തെ കമ്പനിയുടെ മാനേജരായി മാറി. അച്ഛന്റെ ആഗ്രഹം നിറവേറ്റിയതിനു ശേഷം അവളിൽ നിന്നും അച്ഛൻ എന്നെന്നേക്കുമായി അകന്ന് പോയി.അച്ഛന്റെ ആഗ്രഹം പൂർത്തിയാക്കിയ സന്തോഷത്തിൽ എല്ലാം മറന്ന് മീനാക്ഷി അവളുടെ ഭർത്താവിനോടൊപ്പം മുന്നോട്ട് ജീവിക്കാൻ തുടങ്ങി.

**ധന്യ**

## മഴ

മഴ വരുന്നു നല്ല മഴ തുള്ളിമഴ
മനസാകുന്ന മഴ മനം തണുപ്പിക്കും മഴ
സന്തോഷം നൽകും മഴ
ആനന്ദമേകും മഴ
സ്നേഹത്തിൻ പ്രതീകമാണ് മഴ
സ്വപ്നം കുളിരണിയിക്കും മഴ

**ധന്യ ലക്ഷ്മി വി.വി**

## പുഴയുടെതേങ്ങൽ

വേനൽകാലംവന്നല്ലോ.........
വെള്ളംകിട്ടാതെ പുഴ കരയുന്നതു കണ്ടില്ലേ
അതിൻെറ വിഷമങ്ങൾ നമ്മൾ കാണുന്നില്ലേ
പാവം പുഴ വെള്ളംകിട്ടതെ അലയുന്നല്ലോ
അതിനോടൊപ്പം പുഴയിൽ
വേസ്റ്റുകളും ഇടുന്നല്ലോ
ആരും അറിയുന്നില്ലല്ലോ എൻെറ സങ്കടം...
എൻെറ കര്യം വളരെ വളരെ കഷ്ടമാണല്ലോ

**അഫ്സൽ**

## കരടിയുടെ ദേഷ്യം

കുഴിയിൽ വീണൊരു
കരടിക്കുട്ടനെ
മാനും മുയലും
കളിയാക്കി
അരിശം മൂത്ത
കരടിക്കുട്ടൻ
അവരുടെ മേലെ
ചെളിയാക്കി

ശ്രീജിത്ത്

## പട്ടവും പരുന്തും

ഒരിടത്ത് അഹങ്കാരിയായ ഒരു പട്ടമുണ്ടായിരുന്നു .അത് ഒരു ദിവസം ആകാശത്ത് നടക്കുകയായിരുന്നു. പെട്ടന്ന് അത് ഒരു പരുന്തിനെ കണ്ടു.പരുന്തിനോട് പട്ടം ചോദിച്ചു നിനക്ക് എന്നേകാൾ ഉയരത്തിൽ പറക്കാൻ കഴിയുമോ? പരുന്ത് പറഞ്ഞു എനിക്ക് നിന്നേക്കാൾ ഉയരത്തിൽ പറക്കാൻ കഴിയും. പട്ടം പറഞ്ഞു എന്നാൽ നമ്മുക്ക് മത്സരം വയ്ക്കാം.പരുന്ത് പറഞ്ഞു നമ്മുക്ക് മത്സരിക്കാം. രണ്ടുപേരും മത്സരിച്ചു തുടങ്ങി.പറന്ന് പറന്ന് .....ഉയരങ്ങളിലേക്ക് എത്തി.പെട്ടന്ന് പട്ടത്തിന്റെ നൂൽ പൊട്ടി പട്ടം താഴേക്ക് നിലം പതിച്ചു .പരുന്ത് പട്ടത്തെ നോക്കി ആകാശത്ത് വട്ടമിട്ട് പറന്നു .പട്ടം നിലപതിച്ചതോടെ പരുന്തു വിജയിച്ചു.

സുജിത്ത്

# പൂച്ചയും എലിയും

ഒരിടത്ത് ഒരു അഹംകാരി ആയിരുന്ന പൂച്ച ഉണ്ടായിരുന്നു. അത് ഒരിക്കൽ വിശന്ന് വരുകയായിരുന്നു. പെട്ടന്ന് ആ പൂച്ചയുടെ കണ്ണുകളിൽ ഒരു കുഞ്ഞന് എലിയെ കണ്ടു. പെട്ടന്ന് പൂച്ച എലിയുടെ പുറകെ പാഞ്ഞു എലി അതിലും വേഗത്തിൽ ഓടി പെട്ടന്ന് എലി ഒരു മാളം കണ്ടു എലി അതിലെക്ക് ഓടികയറി പൂച്ചയും ഓടികയറി പൂച്ചയുടെ തല മാളത്തിൽ കുടുങ്ങി .എലി മറ്റൊരു മാളം വഴി രക്ഷപ്പെട്ടു പൂച്ചമാത്രം കുടുങ്ങി. പൂച്ചക്ക് ഭക്ഷണം കിട്ടാതെ ചത്തുപോയി.

അത്യാഗ്രഹം ആപത്ത

ശരൺ

# എന്റെ നാട്

മാവേലിവാണോരു മാമലനാട്

പാർട്ടിക്കാർവാഴുമീകേരളനാട്

പാർട്ടിക്കാർ ഭരിച്ച്ഭ രിച്ച്

നാട്ടാര് മൊത്തത്തിൽ നട്ടം തിരിഞ്ഞു

നമ്മുടെ നാട്കേരള നാട്

മാവേലിവാണോരു നാട് ഈ നാട്

ഇനി എന്ന് നന്നാകും ദൈവത്തിന്റെ

സ്വാന്തം നാട് .................?

by

ശരത്ത്

# നല്ലവനായ കിട്ടു ആന

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ കിട്ടു എന്ന ഒരു പാവം ആന ഉണ്ടായിരുന്നു. അതിനെ വേറൊരാനയും കൂടെക്കൂട്ടിയിരുന്നില്ല.എന്നാൽ കൂട്ടുകാരില്ല എന്ന സങ്കടം കിട്ടുവിന് തീരെ ഇല്ലായിരുന്നു. കാരണം കിട്ടുവിനെപ്പോഴും കൂട്ടായി പാച്ചു ഉറുമ്പുണ്ട്.അവർ ഉറ്റ ചങ്ങാതിമാരാണ്. എന്തിനും കൂടെ നിൽക്കും.അങ്ങനെയിരിക്കെ ഒരു ദിവസം ഇവർ കുളക്കരയിലെത്തി. കിട്ടു കുളിക്കാനിറങ്ങി.അപ്പോൾ അവിടെ മറ്റ് ആനകളും വന്നു.കിട്ടു കുളിച്ച് കേറിയപ്പോൾ മറ്റാനകൾ കളിയാക്കി;അയ്യേ നിനക്ക് കൂട്ടായി ഒരു ഉറുമ്പ് മാത്രമേ ഉള്ളൂ എന്നും പറഞ്ഞ്.പക്ഷേ കിട്ടു അത് കാര്യമായി എടുത്തില്ല. എന്നാൽ കിട്ടുവിനെ അവർ വീണ്ടും വീണ്ടും കളിയാക്കിക്കൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കിട്ടു കുളിക്കാൻ പോയപ്പോൾ മറ്റാനകളും വന്നു.അന്നും കളിയാക്കി.എന്നാൽ കിട്ടു ഒന്നും മിണ്ടിയില്ല.മറ്റാനകൾ കുളിക്കാനിറങ്ങി. കിട്ടു അനങ്ങാതെ അവിടെ നിന്നു.എന്നാൽ മറ്റാനകളിലെ തലവൻ കുളിച്ച് കയറികരയിലേക്ക് കാൽ എടുത്ത് വെച്ചതും ഒരു മുതല ആ ആനയുടെ കാലിൽ കടിച്ചു. എത്ര ശ്രമിച്ചിട്ടും അതിന്റെ കടിയിൽ നിന്നും ആനയ്ക്ക് രക്ഷപെടാൻ സാധിച്ചില്ല.അത് കണ്ട് നിന്ന മറ്റ് ആനകൾ ഓടി രക്ഷപെട്ടു. എന്നാൽ കിട്ടു ആന ആ ആനയെ രക്ഷപെടുത്തി.കിട്ടു മുതലയുടെ തലയ്ക്കിട്ട് ആഞ്ഞ് ചവിട്ടി.വേദന കൊണ്ട് മുതല കരഞ്ഞു.അങ്ങനെ വായിൽ നിന്നു ആനയുടെ കാൽ എടുത്തു.ആന കിട്ടുവിനോട് ക്ഷമ പറഞ്ഞു. കളിയാക്കിയതിനും,കൂട്ടത്തിൽ കൂട്ടാഞ്ഞതിനുമൊക്കെ..ആനയ്ക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല.ഇത്രയും നാളും കൂടെ നടന്ന കൂട്ടുകാർ ഒരു ആപത്ത് വന്നപ്പോൾ ഓടി രക്ഷപെട്ടു.കിട്ടു പറഞ്ഞു;വിഷമിക്കേണ്ട എന്റെ കൂടെ

പോന്നോളൂ.....എൻെറ കൂട്ടുകാരൻ പാച്ചു ഉറുമ്പുണ്ട്അവിടെ... നമുക്ക് നല്ല ചങ്ങായിമാരാകാം.അങ്ങനെ അവർ ഉറ്റ ചങ്ങായിമാരായി മാറി.

"ആപത്തിൽ സഹായിക്കുന്നവരാണ് യഥാർഥ ചങ്ങായിമാർ.."

**മെറിൻ**

# പഴഞ്ചൊല്ലുകൾ

1. അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
2. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
3. അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ
4. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.
5. അടുത്തവനെ കെടുത്തരുത്.
6. അച്ചിക്ക് കൊഞ്ചു പക്ഷം നായർക്ക് ഇഞ്ചി പക്ഷം.
7. അടിതെറ്റിയാൽ ആനയും വീഴും.
8. അണ്ണാൻ മൂത്താലും മരകേറ്റം മറക്കരുത്.
9. ഇക്കരെ നിന്നാൽ അക്കരെ പച്ച.
10. ഇത്തിൾ പിടിച്ചാൽ മരം കെടും.
11. ആനവായിൽ അമ്പഴങ്ങ എൻെറ വായിൽ കുമ്പളങ്ങ
12. ആകെ മുങ്ങിയാൽ കുളിരില്ല

13. ഇരിക്കും കൊമ്പ് മുറിക്കരുത്
14. ആന കൊടുത്താലും ആശ കൊടുക്കരുത്
15. ആറ്റിലിറങ്ങിയവനേ ആഴമറിയൂ
16. അളമുട്ടിയാൽ ചേരയും കടിക്കും
17. ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
18. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ
19. ഇടിച്ചു നേടുന്നത് ചിരിച്ചും നേടാം
20. എത്താത്ത മാങ്ങ പുളിഞ്ചൻ മാങ്ങ
21. കൊടുത്താൽ കൊല്ലത്തും കിട്ടും
22. കുരക്കും പട്ടി കടിക്കില്ല
23. മുളയിലറിയാം വിള
24. പാപി ചെല്ലുന്നിടം പാതാളം
25. തേടിയ വള്ളി കാലിൽ ചുറ്റി
26. തുടക്കം നന്നായാൽ മുടക്കം വരില്ല
27. മിണ്ടാപ്പൂച്ച കലമുടയ്ക്കും
28. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
29. വിത്തു ഗുണം പത്തു ഗുണം
30. നിറകുടം തുളുമ്പില്ല

# നന്ദി